# ജീവിത സൗഖ്യം

عن انس بن مَالِك رَضي اللّه عَنه قَال : قَال رَسُولُ اللّه ﷺ : لَوْ كَانَ لِإبْنِ آدم وَادِيَانِ مِن ذَهَبٍ لَأَحَبَ أنْ يَكُونَ لَهُ ثَالِثٌ وَلا يَمْلَأُ فَاهُ إلاّ التُّرَابُ وَ يَتُوبُ اللّهُ عَلَى مَنْ تَاب.

**രണ്ട് സ്വർണത്താഴ്‌വരതന്നെ സ്വന്തമായുണ്ടായാലും മൂന്നാമത്തേത് ആഗ്രഹിക്കുന്നവനാണ് മനുഷ്യൻ. മണ്ണുകൊണ്ടല്ലാതെ അവന്റെ വായ നിറയില്ല (മരിക്കും വരെ ആർത്തിക്കാരനായിരിക്കും). തന്നിലേക്ക് മടങ്ങുന്നവന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നു.***

**ഇഹലോകത്തെ** വസ്തുക്കൾക്കു വേണ്ടി മുന്നും പിന്നും നോക്കാതെ, തെറ്റും ശരിയും ചിന്തിക്കാതെ ആർത്തി പൂണ്ട് പായുന്ന അത്യാഗ്രഹിക്ക് സംതൃപ്തി ലഭിക്കുന്നില്ലെന്ന് വ്യക്തമാക്കുന്ന നബിവചനമാണിത്.

മനുഷ്യൻ അത്യാഗ്രഹിയാണ്. ആർത്തിയാണവന്റെ മുഖമുദ്ര. എത്ര തിന്നാലും നിറയാത്ത വയർപോലെ, എത്ര കിട്ടിയാലും മതിയാവാത്ത മനസിന്റെ ഉടമ. കൊതിച്ചത് കിട്ടേണ്ട താമസം, വേറൊന്നിൽ അവൻ ആശവെക്കുന്നു.

ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടു അടങ്ങിയൊതുങ്ങി ജീവിക്കലാണ് നല്ലവഴി. അത്യാർഥിയും അതിമോഹവുംകൊണ്ട് മനസിന്റെ സമാധാനം കെടുത്താമെന്നല്ലാതെ വേറെ ഗുണമൊന്നും കിട്ടുകയില്ല. സൗഖ്യം വിഭവസമൃദ്ധിയല്ല. സ്വന്തമായി എന്താണോ ഉള്ളത് അതിൽ സംതൃപ്തനാകുന്ന അവസ്ഥയാണ് ഐശ്വര്യം. ദൈവം നിനക്ക് തന്ന വിഹിതത്തിൽ സംതൃപ്തി കണ്ടെത്തിയാൽ ഏറ്റവും വലിയ ഐശ്വര്യവാൻ നീ തന്നെ.

നമ്മുടെ ഇടയിലുള്ള രണ്ട് ജീവികളിൽ നമുക്ക് പാഠമുണ്ട്. ചിലന്തിയാണതിലൊന്ന്. അത് വലകെട്ടി ഇരയെ കാത്തിരിക്കുന്നു. അലയുന്നില്ല. ഇരതേടി സമ്പാദിക്കാൻ ഓടി നടക്കുന്നില്ല. എന്നാൽ അതിന്റെ ഭക്ഷണം അതിന്റെയടുത്തു തന്നെ അതിന് ലഭിക്കുന്നുണ്ട്. ഈച്ചയാണ് രണ്ടാമത്തേത്. ആഹാരത്തിനായി ആർത്തി പൂണ്ട് പാഞ്ഞു നടക്കുകയാണത്. ഒരിടത്തും സ്വസ്ഥമായി ഇരിക്കുകയില്ല. ഇരുന്നാലോ ഇരിക്കപ്പൊറുതിയുമില്ല. എന്നാലോ ചെല്ലുന്നേടത്തെല്ലാം ആളുകൾ അതിനെ ആട്ടിയകറ്റുന്നു. എവിടെയും അതിന് സ്വീകരണമില്ല. അടിച്ചോടിക്കുന്ന അവസ്ഥ! ആർത്തിപൂണ്ട മനുഷ്യന്റെ സ്ഥിതിയും ഇതുതന്നെ.

ലിയോടോൾസ്റ്റോയിയുടെ പ്രശസ്തമായ ഒരു കഥയുണ്ട്. ഭൂമി എത്രയധികം വാങ്ങിക്കൂട്ടിയാലും തൃപ്തിവരാത്ത അത്യാഗ്രഹിയായ ഒരു കർഷകനാണ് അതിലെ നായകൻ. ചുരുങ്ങിയ വിലയ്ക്ക് ഭൂമി കിട്ടാനുണ്ടെന്നറിഞ്ഞു ആ കർഷകൻ ഒരു നാട്ടിൽ ഭൂമി വാങ്ങാൻ ചെന്നു. സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയുള്ള സമയത്തിനുള്ളിൽ ഒരാൾക്ക് അവിടത്തെ ഭൂമിയിൽ എത്ര വേണമെങ്കിലും നടന്നോ ഓടിയോ സ്വന്തമാക്കാം എന്നതായിരുന്നു വ്യവസ്ഥ. അത്യാഗ്രഹിയായ കർഷകൻ വിശ്രമമില്ലാതെ സൂര്യാസ്തമയത്തിന്റെ അവസാനം വരെ ഓടി. പക്ഷേ, അയാൾ പിന്നിട്ട സ്ഥലമൊന്നും അയാൾക്ക് സ്വന്തമാക്കാനായില്ല. വിശ്രമമില്ലാതെ ഓടിയ അയാൾ തളർന്നുവീണു മരിക്കുകയാണുണ്ടായത്. എല്ലാം ആകണമെന്ന ആഗ്രഹിക്കുന്നവന് ഒന്നും ആകാൻ സാധിക്കുകയില്ല.

കഴിവിൽപെടാത്തതൊന്നും ആഗ്രഹിക്കരുത്. ഒരു കാര്യത്തിലും അതിർ കവിയാൻ പാടില്ല. സമതുലിതമായ രീതിയാണ് ഇസ്‌ലാമിന്റേത്. അത്യാഗ്രഹങ്ങളുടെ പിറകെ പോയാൽ ഒരു നല്ല ജീവിതത്തിന്റെ ആത്മാവാണ് അവൻ നഷ്ടപ്പെടുത്തുന്നത്. ദൈവിക വിഹിതം അത് എത്ര ചെറുതായാലും തൃപ്തിപ്പെടുക. അതാണ് ജീവിത സൗഖ്യത്തിന്റെ അടിത്തറ. ■

**അബ്ദുൽജബ്ബാർ കൂരാരി**

* ബുഖാരി, തിർമുദി, അഹ്മദ്, ഇബ്നു ഹിബ്ബാൻ തുടങ്ങിയവർ ഉദ്ധരിച്ചത്. തിർമിദിയിലേതാണ് വാക്യങ്ങൾ - ഹദീസ് നമ്പർ: 2337.